# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3472 — 15.07.2015-ൽ മറുപടിക്ക്

## നാഷണൽ അർബൻ ഹെൽത്ത് മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | നാഷണൽ അർബൻ ഹെൽത്ത് മിഷനിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ ; | (എ) | 2013 മെയ് മാസത്തിലാണ് ദേശീയ ഗവൺമെന്റ് നാഷണൽ അർബൻ ഹെൽത്ത് മിഷന് രൂപം നൽകിയത്. അതേ സമയത്ത് തന്നെ കേരള സംസ്ഥാനത്തെ മിഷനിൽ ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം എൻ.യു.എച്ച്.എം. മുഖേന ലഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ; | (ബി) | 2013-14 സാമ്പത്തിക വർഷം - 13,60,00,000/- കോടി (പതിമൂന്ന് കോടി അറുപത് ലക്ഷം)<br>2014-15 സാമ്പത്തിക വർഷം - 23,07,00,000/- കോടി (ഇരുപത്തിമൂന്ന് കോടി ഏഴ് ലക്ഷം)<br>2015-16 സാമ്പത്തിക വർഷത്തെ തുക ഇനിയും ലഭിച്ചിട്ടില്ല. |
| (സി) | എൻ.യു.എച്ച്.എം. പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം നഗരസഭകളെ ഉൾപ്പെടുത്തുകയുണ്ടായി എന്നത് സംബന്ധിച്ച് വിശദീകരിക്കുമോ ; | (സി) | കേരളത്തിലെ 14 ജില്ലകളിലുമായി 37 നഗരസഭകളെയാണ് എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗരസഭകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ; | (ഡി) | മിഷൻ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള നഗരസഭകളിൽ അമ്പതിനായിരമോ അതിലധികമോ ജനസംഖ്യയ്ക്ക് ഒരു അർബൻ പ്രാഥമിക ആരോഗ്യ കേന്ദ്രം (യു.പി.എച്ച്.സി) പ്രവർത്തനസജ്ജമായിരിക്കും. ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽ ഒരു മുഴുവൻ സമയ ഡോക്ടർ, ഒരു പാതി സമയ (പാർട്ട് ടൈം) ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ഫാർമസിസ്റ്റ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ, ജനസംഖ്യാനുപാതികമായി മൂന്ന് മുതൽ പരമാവധി |

(.....2)

| | |
|---|---|
| | അഞ്ച് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, രണ്ട് മിനിസ്റ്റീരിയൽ ജീവനക്കാർ / ആശമാർ എന്നിവരുടെ സേവനം ലഭ്യമാണ്. കാലത്ത് 10 മണിമുതൽ രാത്രി 8 മണി വരെ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്ന് സാധാരണയായി ലഭിക്കുന്ന എല്ലാ സേവനങ്ങളും അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. പ്രതിവർഷം മൂന്ന് ലക്ഷം രൂപയ്ക്കുള്ള അവശ്യമരുന്നുകളും നഗര പ്രദേശത്തെ ഇത്തരം കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു. കൂടാതെ വീട്ടുവീടാന്തരമുള്ള ആരോഗ്യ സേവന, വിദ്യാഭ്യാസ പ്രവർത്തനങ്ങളും നൽകി വരുന്നു. |
| (ഇ) 2015-2016 -ൽ എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നഗരസഭകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ; | (ഇ) 2014-15 -ൽ എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 37 നഗരസഭകളെ തന്നെയാണ് 2015-16 -ലെ എൻ.യു.എച്ച്.എം. പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<u>കേരളത്തിലെ 14 ജില്ലകളിലുമായി എൻ യു എച്ച് എം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 37 നഗരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

<u>തിരുവനന്തപുരം ജില്ല</u>

1. തിരുവനന്തപുരം കോർപ്പറേഷൻ
2. നെയ്യാറ്റിൻകര നഗരസഭ
3. നെടുമങ്ങാട് നഗരസഭ

<u>കൊല്ലം ജില്ല</u>

4. കൊല്ലം കോർപ്പറേഷൻ
5. കരുനാഗപ്പള്ളി നഗരസഭ

<u>ആലപ്പുഴ ജില്ല</u>

6. ആലപ്പുഴ നഗരസഭ
7. കായംകുളം നഗരസഭ

<u>പത്തനംതിട്ട ജില്ല</u>

8. പത്തനംതിട്ട നഗരസഭ

<u>കോട്ടയം ജില്ല</u>

9. കോട്ടയം നഗരസഭ
10. ചങ്ങനാശ്ശേരി നഗരസഭ

<u>ഇടുക്കി ജില്ല</u>

11. തൊടുപുഴ നഗരസഭ

<u>എറണാകുളം ജില്ല</u>

12. എറണാകുളം കോർപ്പറേഷൻ
13. തൃപ്പൂണിത്തുറ നഗരസഭ
14. കളമശ്ശേരി നഗരസഭ
15. തൃക്കാക്കര നഗരസഭ

<u>തൃശ്ശൂർ ജില്ല</u>

16. തൃശ്ശൂർ കോർപ്പറേഷൻ
17. കൊടുങ്ങല്ലൂർ നഗരസഭ
18. ചാലക്കുടി നഗരസഭ

<u>പാലക്കാട് ജില്ല</u>

19. പാലക്കാട് നഗരസഭ
20. ഒറ്റപ്പാലം നഗരസഭ
21. ഷൊർണ്ണൂർ നഗരസഭ

<u>മലപ്പുറം ജില്ല</u>

22. മലപ്പുറം നഗരസഭ
23. മഞ്ചേരി നഗരസഭ
24. കോട്ടയ്ക്കൽ നഗരസഭ
25. തിരൂർ നഗരസഭ
26. പെരിന്തൽമണ്ണ നഗരസഭ
27. പൊന്നാനി നഗരസഭ

11

**<u>കോഴിക്കോട് ജില്ല</u>**

28. കോഴിക്കോട് കോർപ്പറേഷൻ
29. കൊയിലാണ്ടി നഗരസഭ
30. വടകര നഗരസഭ

**<u>വയനാട് ജില്ല</u>**

31. കല്പറ്റ നഗരസഭ

**<u>കണ്ണൂർ ജില്ല</u>**

32. കണ്ണൂർ നഗരസഭ
33. തളിപ്പറമ്പ് നഗരസഭ
34. പയ്യന്നൂർ നഗരസഭ
35. തലശ്ശേരി നഗരസഭ

**<u>കാസർഗോഡ് ജില്ല</u>**

36. കാസർഗോഡ് നഗരസഭ
37. കാഞ്ഞങ്ങാട് നഗരസഭ

P. [signature]
സെക്ഷൻ ഓഫീസർ